പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 624 — 13.6.2012 ൽ മറുപടിക്ക്

## അവശ്യ മരുന്നുകളുടെ വില വർദ്ധനവ് നിയന്ത്രിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അവശ്യമരുന്നുകളുടെ വില വർദ്ധിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാജ്യത്ത് ഔഷധങ്ങളുടെ വില നിശ്ചയിക്കുന്നതും നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരിൻെറ അധീനതയിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി (NPPA) ആണ്. രാജ്യത്ത് 74 ഇനം മരുന്നുകളുടേയും അവയുടെ കോമ്പിനേഷനുകളുടേയും വിലകൾ മാത്രമാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ച് ഉറപ്പിച്ചിട്ടുള്ളത്. വില നിയന്ത്രണത്തിൽ ഉൾപ്പെടാത്ത മരുന്നുകളുടെ വിലയാണ് കമ്പനികൾ വർദ്ധിപ്പിച്ചിട്ടുള്ളത്. NPPA നിശ്ചയിച്ചുറപ്പിച്ച വിലയേക്കാൾ 10% കൂടുതൽ ഈടാക്കുന്ന കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് വിവരം NPPA യെ അറിയിക്കുന്നുണ്ട്. |
| (ബി)മരുന്നുകളുടെ വില ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) ചേരുവകകളുടെ വില, പാക്കിംഗ് സാമഗ്രികളുടെ ഗുണമേന്മ, മാനുഫാക്ചറിംഗ് ചാർജസ്, എക്സൈസ് ഡ്യൂട്ടി എന്നിവയിലുള്ള വ്യത്യാസങ്ങളാണ് മരുന്നു വില വർദ്ധിക്കാനുള്ള കാരണങ്ങൾ. |
| (സി) മരുന്ന് നിർമ്മാണ ഏജൻസികൾ പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | സി) മരുന്ന് നിർമ്മാണ ശാലകളും വിപണന കേന്ദ്രങ്ങളും ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് ന്യായവില ഉറപ്പുവരുത്തുകയും അധിക വില ഈടാക്കുന്ന മരുന്നുകളുടെ വിവരം NPPA യെ അറിയിക്കുന്നുമുണ്ട്. |
| (ഡി) അവശ്യമരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി) ജീവൻരക്ഷാ മരുന്നുകൾ അടക്കമുള്ള അവശ്യ മരുന്നുകൾ (essential drugs )വിവിധ സർക്കാർ ആശുപത്രികളിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന സൗജന്യമായാണ് വിതരണം ചെയ്യുന്നത്. കൂടാതെ നീതി മെഡിക്കൽ സ്റ്റോറുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ, സർക്കാർ ആശുപത്രികളിലെ പേയിങ് കൗണ്ടറുകൾ, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ എന്നിവ മുഖേന വളരെ കുറഞ്ഞ നിരക്കിൽ മരുന്ന് വില്പന നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ